പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 3347 | 14/03/2018 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

## ഇന്ത്യൻ കോഫീ ഹൗസിന്റെ ലൈസൻസ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എം. വിൻസെന്റ്** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | തിരുവനന്തപുരം എം.ജി. റോഡിലെ സ്പെൻസർ ജംഗ്ഷന് സമീപം പ്രവർത്തിച്ചിരുന്ന ഇന്ത്യൻ കോഫീ ഹൗസിന്റെ ലൈസൻസ് സസ്പെൻഡ് ചെയ്തിട്ടുണ്ടോ; എങ്കിൽ എന്ത് കാരണത്താലാണെന്ന് വ്യക്തമാക്കുമോ; | എ) | തിരുവനന്തപുരം എം ജി റോഡിലെ സ്പെൻസർ ജംഗ്ഷന് സമീപം പ്രവർത്തിച്ചിരുന്ന ഇന്ത്യൻ കോഫി ഹൗസിന്റെ ലൈസൻസ് സസ്പെന്റ് ചെയ്തിട്ടുണ്ട്.<br>18.06.2013, 27.07.2015, 10.08.2016 എന്നീ തീയതികളിൽ ടി സ്ഥാപനത്തിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ നിയമാനുസരണം നടത്തിയിട്ടുള്ള പരിശോധനകളിൽ കണ്ടെത്തിയ ഗുരുതരമായ ഭക്ഷ്യസുരക്ഷാ ലംഘനങ്ങളുടെ ഭാഗമായി 18.06.2013 ലും 10.08.2016 ലും പ്രസ്തുത സ്ഥാപനത്തിന്റെ ലൈസൻസ് സസ്പെൻഡ് ചെയ്ത് സ്ഥാപനം അടച്ചുപൂട്ടിയിട്ടു ണ്ട്. തുടർന്ന് 23.01.2017 നും 20.08.2017 നും നടന്ന പരിശോധനകളിലും താഴെപ്പറയുന്ന അപാകതകൾ കാണപ്പെട്ടതിനാൽ ടി സ്ഥാപനത്തിന്റെ ലൈസൻസ് 28.10.2017 ൽ ലൈസൻസ് അതോറിറ്റിയായ തിരുവനന്തപുരം അസിസ്റ്റന്റ് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ ഉത്തരവ് നം. 1564/2017/എസി എഫ് എസ്, തിരുവനന്തപുരം പ്രകാരം സസ്പെന്റ് ചെയ്തിട്ടുള്ളതാണ്.<br><u>ഭക്ഷ്യസുരക്ഷാ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ</u><br>1. ആഹാരം പാകം ചെയ്യുന്ന സ്ഥലം വൃത്തിഹീനമായി കാണപ്പെടുന്നു.<br>2. ആഹാരസാധനങ്ങൾ ഈച്ച തുടങ്ങിയ സാംക്രമിക രോഗ വാഹകരിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള സൗകര്യങ്ങളില്ല.<br>3. സ്ഥാപനത്തിന്റെ പിൻവശത്ത് ഈ സ്ഥാപനമുൾപ്പെടുന്ന ബഹുനില മന്ദിരത്തിന്റെ മുഴുവൻ കക്കൂസ് മാലിന്യങ്ങളും സ്ഥിരമായി |

| | | | |
|---|---|---|---|
| | | | വന്നടിഞ്ഞ് ദുർഗന്ധ പൂരിതമായ അന്തരീക്ഷത്തിലാണ് അടുക്കള സ്ഥാപിച്ചിട്ടുള്ളത്. ഇത് ഗുരുതരമായ പൊതുജന ആരോഗ്യത്തെ ബാധിക്കുന്ന ഭക്ഷ്യസുരക്ഷാ ഭീഷണിയാണ്. |
| ബി) | 2017 ഒക്ടോബർ 20-ന് പരിശോധന നടത്തിയ ഉദ്യോഗസ്ഥർ പ്രസ്തുത റസ്റ്റോറന്റിന് ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകിയിരുന്നോ; അത് നടപ്പാക്കിയശേഷം പരിശോധന നടത്തിയ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്എന്തായിരുന്നുവെന്നറിയിക്കുമോ; തുടർന്ന സ്വീകരിച്ച നടപടിയിൽ ലഭിച്ച അപ്പീൽ എന്ത് കാരണത്താലാണ് നിരസിച്ചതെന്ന് വെളിപ്പെടുത്തുമോ; | ബി) | 2017 ഒക്ടോബർ 20 നും മുമ്പ് നടത്തിയിട്ടുള്ള പരിശോധന സമയങ്ങളിലും ടി സ്ഥാപനത്തിന് ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകിയിരുന്നു. 23.10.2017 ൽ അസിസ്റ്റന്റ് ഭക്ഷ്യസുരക്ഷാ കമ്മീഷണർ (ഇന്റലിജൻസ്) ന്റെ നേതൃത്വത്തിലുള്ള മൊബൈൽ വിജിലൻസ് സ്ക്വാഡ് പ്രസ്തുത സ്ഥാപനം പുന പരിശോധിക്കുകയും പൊതുജന ആരോഗ്യത്തെ ബാധിക്കുന്ന ഗുരുതരമായ ഭക്ഷ്യസുരക്ഷാ മാനദണ്ഢങ്ങൾ പൂർണ്ണമായി പരിഹരിച്ചിട്ടില്ലായെന്ന് കണ്ടെത്തുകയും ചെയ്തിരുന്നു.<br>ഹോട്ടലുകൾ പാലിക്കേണ്ട ഭക്ഷ്യസുരക്ഷാ മാനദണ്ഢങ്ങൾ വിവിധ തീയതികളിലായി നൽകിയിട്ടുള്ള ഇംപ്രൂവ്മെന്റ് നോട്ടീസ് പ്രകാരം തുടർച്ചയായി പരിഹരിക്കാതെയും ആയത് അവസാനം (20.10.2017) നടത്തിയ പരിശോധനയിൽ ടി അപാകതകൾ പരിഹരിക്കുന്നതിന് ശാശ്വതമായി യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ലാത്തതുമാണ്. ഇത്തരത്തിൽ ടി സ്ഥാപനം ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ സ്ഥിരമായി ലംഘിക്കുന്ന ഒരു സ്ഥാപനമാണെന്നും ആയത് ഭക്ഷ്യസുരക്ഷയ്ക്കും പൊതുജനാരോഗ്യത്തിനും ഗുരുതരമായൊരു ഭീഷണിയാണെന്നും തുടർച്ചയായി മാനദണ്ഡങ്ങൾ ലംഘിച്ച് പ്രവർത്തിക്കുകയും ആയത് ശാശ്വതമായി പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിക്കാത്തതിനും തൃപ്തികരമായ യാതൊരു വിശദീകരണവും അപ്പീലിന്റെ തെളിവെടുപ്പ് സമയത്ത് സ്ഥാപനത്തിന്റെ ലൈസൻസി ഹാജരാക്കിയിട്ടില്ല.<br>ടി സ്ഥാപനത്തിന്റെ അടുക്കളയുടെ ഭാഗത്താണ് ടി സ്ഥാപനം പ്രവർത്തിക്കുന്ന ബഹുനില മന്ദിരത്തിന്റെ കക്കൂസിൽ നിന്നടക്കമുള്ള ഡ്രൈനേജ് ലൈൻ വന്ന് പതിക്കുന്നത്. ഡ്രൈനേജ് ബ്ലോക്കായി മലിനജലം കെട്ടികിടന്ന് പരിസരമാകെ ദുർഗന്ധ പൂരിതമായ നിലയിൽ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതാണ്. ഇത്തരം ഒരു ഭക്ഷ്യ സുരക്ഷാ മാനദണ്ഡ ലംഘനം പരിഹരിക്കുവാൻ സ്ഥാപനത്തിന്റെ ലൈസൻസി നിസ്സഹായനാണെന്നത് ടി അപ്പീലിൽ സമ്മതിച്ചിട്ടുള്ളത് ടി സ്ഥാപനത്തിന് അനുകൂലമായ തീരുമാനം എടുക്കുന്നതിന് വിഘാതമായി കണ്ടതിനാലാണ് ടി സ്ഥാപന ലൈസൻസി |

| | | | |
|---|---|---|---|
| | | | നൽകിയ അപ്പീൽ നിരസിച്ചിട്ടുള്ളത്. |
| സി) | പ്രസ്തുത റസ്റ്റോറന്റിനെതിരെ ഭക്ഷണവുമായി ബന്ധപ്പെട്ട എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോയെന്നറിയിക്കുമോ; പരിശോധനയിൽ ഭക്ഷ്യ വസ്തുക്കൾ/ആഹാരപദാർത്ഥങ്ങൾ സംബന്ധിച്ച് എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | സി) | 2013 ജൂൺ 18 ന് ഏഴു വയസ്സുള്ള ഒരു പെൺകുട്ടി ടി സ്ഥാപനത്തിൽ നിന്നു റോസ് മിൽക്ക് കഴിച്ച് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ഭക്ഷ്യവിഷബാധയേറ്റതായി കുട്ടിയുടെ മാതാപിതാക്കൾ പരാതിപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥാപനത്തിൽ പരിശോധന നടത്തി സ്ഥാപനത്തിന്റെ ലൈസൻസ് സസ്പെന്റ് ചെയ്തിരുന്നു. |

സെക്ഷൻ ഓഫീസർ